"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീ.ഉല്ലാസ് റ്റി.ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A 1321/2022 നം. കേസിലെ 2/02/2023 ലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.697/2023/AGRI തീയതി,തിരുവനന്തപുരം, 19-07-2023

പരാമർശം:-
1. 25-02-2017 ലെ സ.ഉ.(പി) നം. 3/2017/ഉ.ഭ.പ.വ.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/07/2022 തീയതിയിലെ എസ്.ഡി.(3) 1861/2022 നമ്പർ നടപടിക്രമം.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1321/2022 നം. കേസിലെ 2/02/2023 ലെ ഉത്തരവ്
4. ശ്രീ.ഉല്ലാസ് റ്റി.ജി 15/03/2023 ന് സർക്കാർ മുൻപാകെ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി ഓഫീസർമാരുടെ പൊതുസ്ഥലം മാറ്റത്തിൽ പരാമർശം (2) പ്രകാരം ശ്രീ.ഉല്ലാസ് റ്റി.ജി യെ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് കൃഷി ഭവനിൽ നിന്ന് കൊല്ലം ജില്ലയിലെ ഈസ്റ്റ് കല്ലട കൃഷി ഭവനിലേക്കു സ്ഥലം മാറ്റിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ഉല്ലാസ് റ്റി.ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A 1321/2022 നം. കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്മേലുള്ള പരാമർശം (3) ഉത്തരവിൽ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം സർക്കാർ മുൻപാകെ അപേക്ഷ സമർപ്പിക്കണമെന്നും ശ്രീ.ഉല്ലാസ് റ്റി.ജി സമർപ്പിക്കുന്ന അപേക്ഷ പരിഗണിച്ച് 6 ആഴ്ചക്കകം ഉത്തരവ് പുറപ്പെടുവിക്കണമെന്നും ടി വിഷയത്തിൽ ഉത്തരവാകുന്നതുവരെ ടിയാനെ പ്രസ്തുത സ്റ്റേഷനിൽ തുടരാൻ അനുവദിക്കണമെന്നും ഉത്തരവായിരുന്നു.

2) ശ്രീ.ഉല്ലാസ് സർക്കാരിൽ സമർപ്പിച്ച പരാമർശം (4) അപേക്ഷയിൽ ടിയാൻ 11.10.2018-ൽ വെള്ളനാട് കൃഷി ഭവനിൽ നിയമിക്കപ്പെട്ടുവെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളായതിനാൽ 5 വർഷം വരെ ടി ഓഫീസിൽ തുടരാൻ അർഹനാണെന്നും, ആയതിനാൽ സ്പാർക്ക് മുഖേന സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നില്ലെന്നും ടി ഓഫീസിലേയ്ക്ക് കൃഷി ഓഫീസർ ശ്രീമതി ശരണ്യയെ നിയമിച്ച് ഉത്തരവായതിനാൽ ബഹു.കോടതി മുഖേന ആയത് സ്റ്റേ ഉത്തരവാകുവാൻ നിർബന്ധിതനായെന്നും, ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തന്നെ വെള്ളനാട് കൃഷിഭവനിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും

അഭ്യർത്ഥിച്ചിരിക്കുന്നു.

3) ടി അപേക്ഷ സർക്കാർ പരിശോധിച്ചു. അടിസ്ഥാനത്തിൽ, വെള്ളനാട് കൃഷി ഭവനിലേക്ക് പൊതു സ്ഥലം മാറ്റം ലഭിച്ചു വന്ന ശ്രീമതി ശരണ്യ വി.എസ് ചെറ്റച്ചൽ ജേഴ്സി എക്സ്റ്റൻഷൻ ഫാമിലേക്ക് സ്ഥലം മാറിപ്പോയതിനാലും നിലവിൽ വെള്ളനാട് കൃഷി ഓഫീസർ തസ്തികയിലേക്ക് മറ്റ് അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിലും കൃഷി ഓഫീസർ ശ്രീ.ഉല്ലാസ്.ടി.ജി-യെ വെള്ളനാട് കൃഷിഭവനിൽ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 1321/2022 നം. കേസിലെ പരാമർശം (3) ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ശ്രീ.ഉല്ലാസ് റ്റി.ജി, കൃഷി ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA2/56/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ